**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 134** **27-06-2022 - ൽ മറുപടിയ്ക്ക്**

**കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വർക്കല കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കല്ലമ്പലം കേന്ദ്രമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നം.233/1 ൽ ഉൾപ്പെട്ട 19.34 ആർ (47.77 സെന്റ്) സർക്കാർ പുറമ്പോക്ക് ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന് 3,40,000/- രൂപ കൈമാറിയിട്ടുണ്ട്. സോയിൽ ടെസ്റ്റ് കഴിഞ്ഞാൽ മാത്രമേ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ